Deshabhimani 21-11-18, P-03

# മോഹനന്റെ മണ്ണ് പൊന്നാക്കുന്നത് മണ്ണിരയുടെ സഞ്ചാരം

**പ്രചോദനമായത് സീറോ ബജറ്റ് കൃഷിരീതിയുടെ പ്രചാരകനായ സുഭാഷ് പാലേക്കറുടെ ക്ലാസ്**

സി എ പ്രേമചന്ദ്രൻ

**തൃശൂർ**

'ജീവാമൃത'ത്താൽ നാടൻ മണ്ണിരയെ വളർത്തി മണ്ണിനെ പൊന്നാക്കുകയാണ് മോഹനൻ. ഒപ്പം ജൈവ സമൃദ്ധിയും. മോഹനന്റെ മണ്ണിരകൾ ഇറക്കുമതിയല്ല. തനി നാടൻ. ഈ മണ്ണിരകൾ ഭൂമിയിൽ 15 അടിവരെ താഴേക്ക് സഞ്ചരിക്കും. മറ്റൊരു വഴിയിലൂടെ തിരിച്ചെത്തും. ഈ മണ്ണിര സഞ്ചാരംവഴി മണ്ണാകെ ഇളകിമറിയും. പറമ്പ് കിളയ്ക്കാതെ തന്നെ മണ്ണ് സമൃദ്ധമാവും. വെച്ചൂർ പശുക്കളും മോഹനനുണ്ട്. രാസവളങ്ങളെല്ലാം പൂർണമായും ഒഴിവാക്കി അടിമുടി പ്രകൃതിയെ സ്നേഹിച്ച് കാർഷിക വൃത്തിയും ജീവിതവും നയിക്കുകയാണ് അവണൂർ സ്വദേശി കുന്നത്ത് മോഹനൻ.

മുന്ന് വെച്ചൂർ പശുക്കളെ മോഹനൻ വളർത്തുന്നത്. മൂന്നു കുട്ടികളുമുണ്ട്. അവയുടെ പത്ത്കിലോ ചാണകം, മൂത്രം, ഒരുകിലോ ശർക്കര, ഒരു കിലോ മുതിരപ്പൊടി എന്നിവ 200 ലിറ്റർ വെള്ളത്തിൽ കലർത്തിയാണ് ജീവാമൃതം തയ്യാറാക്കുന്നത്. ഇവ ശേഖരിക്കുന്നതലിനും സംസ്കരിക്കുന്നതിനും സംവിധാനവും തൊഴിലാളികളുമുണ്ട്. തയ്യാറാക്കിയ മിശ്രിതം 48 മണിക്കൂർ ചണത്തിന്റെ ചാക്കിട്ട് മൂടും. . ഇതോടെ നല്ല സൂക്ഷ്മാണുക്കൾ വൻതോതിൽ ഉണ്ടാകും. ഇത് നിശ്ചിത കണക്കനുസരിച്ച് വിളകൾക്ക് ഇട്ടുകൊടുക്കാം. ഈ ജൈവാമൃതം മണ്ണിൽ തളിക്കുന്നതോടെ ലക്ഷക്കണക്കിന് നല്ല സൂക്ഷ്മാണുക്കളും നാടൻ മണ്ണിരകളും പറമ്പ് നിറയുമെന്ന് മോഹനൻ പറയുന്നു. ചതുരശ്ര അടി മണ്ണിൽ നാല് മണ്ണിരയെങ്കിലും വേണമെന്നാണ് മോഹനന്റെ തത്വം. പറമ്പിൽ എവിടെ കിളച്ചാലും മണ്ണിരകളെ കാണാം. മണ്ണിരയുടെ സഞ്ചാര രീതി പ്രകാരം മണ്ണ് സ്പോഞ്ച് പോലെയാകും. നെൽകൃഷിയിടത്തിലായാലും ഭൂമി ഇളകി മറിയും. ഇതോടൊപ്പം വാഴയിലകളും പട്ടകളും മണ്ണിൽ തന്നെയിട്ട് പുതയിടും. വേനൽക്കാലത്ത് നനച്ചില്ലെങ്കിലും കുഴപ്പമില്ല.



കുന്നത്ത് മോഹനൻ തന്റെ കൃഷിയിടത്തിൽ

പറമ്പ് നിറയെ വൈവിധ്യമാർന്ന പച്ചക്കറികൾ. മൃഗോവ മാവ്, മംഗോസ്റ്റിൻ, നാരകം, സർവസുഗന്ധി, ഫാഷൻഫ്രൂട്ട്, കോളിഫ്ലവർ. വീട്ടാവശ്യം കഴിഞ്ഞ് അയൽവീടുകളിലേക്കും കൂട്ടുക്കാർക്കും കൊടുക്കാറുണ്ടെന്നും മോഹനൻ പറഞ്ഞു. പറമ്പിന് പച്ചപ്പേകാൻ നിത്യകല്യാണിച്ചെടികളും നട്ടുപിടിപ്പിച്ചിട്ടുണ്ട്.

സീറോ ബജറ്റ് കൃഷിരീതിയുടെ പ്രചാരകനായ സുഭാഷ് പാലേക്കറുടെ ക്ലാസിൽ പങ്കെടുത്തതാണ് മോഹനന്റെ ജീവിതത്തിൽ വഴിത്തിരിവായത്. തുടർന്നാണ് ജൈവകൃഷിയിലേക്കിറങ്ങിയത്.

രാസവളത്തിനും കീടനാശിനിക്കും വിലക്കേർപ്പെടുത്തി പരിപൂർണമായി ജൈവ രീതിയിൽ അവണൂർ പാടശേഖരത്തിലെ രണ്ട് ഏക്കറിൽ നെൽകൃഷിയും വീടിനോടനുബന്ധിച്ചുള്ള രണ്ട് ഏക്കർ പറമ്പിൽ പച്ചക്കറി കൃഷിയും ചെയ്യുന്നുണ്ട്. അരിയും പാലും പച്ചക്കറിയമെല്ലാം സ്വന്തം വിഭവങ്ങൾ.

പഞ്ചസാരയ്ക്കു പകരം മറയൂർ ശർക്കരയാണ് ഉപയോഗിക്കുന്നത്. നേച്ചർ മോഹനൻ എന്നാണറിയപ്പെടുന്നത്.

ജ്വല്ലറിമാനുഫാക്ച്ചറിങ്ങ് ബിസിനസിന്റെ തിരക്കുകൾക്കിടയിലും കാർഷികജോലികളിൽ ഏർപ്പെടുന്നു. ഭാര്യ അനിതയും മകൻ മോഹിതും കൃഷിയിൽ സഹായിക്കുന്നുണ്ട്. മകൾ മിഥു. വിവാഹിതയാണ്.